**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 641** **17-09-2025 - ൽ മറുപടിയ്ക്ക്**

**വ്യവസായ വകുപ്പ് മുഖേന മട്ടന്നൂർ മണ്ഡലത്തിൽ നടന്നുവരുന്ന പ്രധാന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പ് മുഖേന മട്ടന്നൂർ മണ്ഡലത്തിൽ നടന്നുവരുന്ന പ്രധാന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | (എ) & (ബി)<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പ് മുഖേന മട്ടന്നൂർ നിയോജക മണ്ഡലത്തിൽ സംരംഭക സഹായ പദ്ധതി പ്രകാരം 19 യൂണിറ്റുകൾക്ക് 82,29,851 രൂപയും നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണിഗ്രാന്റ് പദ്ധതി പ്രകാരം 12 യൂണിറ്റുകൾക്ക് 37,33,761 രൂപയും ഒരു കുടുംബം ഒരു സംരംഭം പദ്ധതി പ്രകാരം 35 യൂണിറ്റുകൾക്ക് 3,83,019 രൂപയും പ്രധാനമന്ത്രി തൊഴിൽദായക പദ്ധതി പ്രകാരം 56 യൂണിറ്റുകൾക്ക് 1,44,32,427 രൂപയും എം.എസ്.എം.ഇ ഇൻഷുറൻസ് പദ്ധതി പ്രകാരം 33 യൂണിറ്റുകൾക്ക് 58,161 രൂപയും അനുവദിച്ചിട്ടുണ്ട്.<br><br>പൊതുമേഖലാ സ്ഥാപനമായ കിൻഫ്ര നടപ്പിലാക്കി വരുന്ന കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്കിന് സ്ഥലമേറ്റെടുക്കുകയും ഒരു ബഹുനില വ്യവസായ സമുച്ചയം പൂർത്തീകരിക്കുകയും ചെയ്തു. പ്രസ്തുത കെട്ടിടത്തിൽ 85% സ്ഥലവും വിവിധ വ്യവസായ സംരംഭകർക്ക് അനുവദിച്ചു കഴിഞ്ഞു. ഇവിടേക്ക് വൈദ്യുതി ലഭ്യമാക്കുന്നതിനായി 110 കെ. വി. സബ്സ്റ്റേഷൻ സ്ഥാപിക്കുകയും ചെയ്തു. |
| (ബി) | പ്രസ്തുത പദ്ധതികളുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ? | (ബി) | മറുപടി (എ) പാർട്ടിൽ ചേർത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ